(എ) സംസ്ഥാനത്ത് ബാലനീതി നിയമം കാര്യക്ഷമമായി നടപ്പാക്കുന്നതിന് എന്തെങ്കിലും സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇപ്പോൾ ഏർപ്പെടുത്തിയിരിക്കുന്ന സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) ഇതിലെ പോരായ്മകൾ പരിഹരിച്ച് കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1986-ലെ ചൈൽഡ് ലേബർ (പ്രൊഹിബിഷൻ ആന്റ് റഗുലേഷൻ നിയമവും 1993-ലെ കേരള ചൈൽഡ് ലേബർ പ്രൊഹിബിഷൻ ആന്റ് റഗുലേഷൻ റൂൾസും പ്രകാരം 14 വയസ്സിൽതാഴെ പ്രായമുള്ള കുട്ടികളെ കൊണ്ട് കഠിനാദ്ധ്വാനം ആവശ്യമുള്ളതും അപകടകരവുമായ തൊഴിൽ ചെയ്യുന്നത് നിരോധിച്ചിട്ടുണ്ട്. അപകടകരമല്ലാത്ത തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന കുട്ടികൾക്ക് നിയമാനുസരണം ലഭിക്കേണ്ട ആനുകൂല്യങ്ങൾ ഉറപ്പുവരുത്തുവാൻ തൊഴിൽ വകുപ്പിന്റെ ആഭിമുഖ്യത്തിൽ കർശന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 1960-ലെ കേരള ഷോപ്പ്സ് ആന്റ് എസ്റ്റാബ്ലിഷ്മെന്റ് ആക്ടിലെ സെക്ഷൻ 19 പ്രകാരം അപ്രന്റീസ് ആയിട്ടല്ലാതെ കുട്ടികളെക്കൊണ്ട് തൊഴിൽ ചെയ്യിക്കരുതെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. തൊഴിൽ വകുപ്പിലെ രണ്ടാം ഗ്രേഡ് അസിസ്റ്റന്റ് ലേബർ ഓഫീസർമാർ നിലവിലുള്ള നിയമങ്ങൾ കർശനമായി നടപ്പാക്കിവരുന്നു. അസിസ്റ്റന്റ് ലേബർ ഓഫീസറന്മാരുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും അവരുടെ മേൽനോട്ടം നിർവ്വഹിക്കുന്നതിനുമായി ഓരോ ജില്ലയിലും ജില്ലാ ലേബർ ഓഫീസർമാരെ (എൻഫോഴ്സ്മെന്റ്) ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഇവർ കൂട്ടായി സ്കാഡ് പ്രവർത്തനവും നടത്തിവരുന്നു. നിയമലംഘനം നടത്തുന്നതായി ബോധ്യപ്പെടുന്ന സാഹചര്യത്തിൽ തൊഴിൽ ഉടമകൾക്കെതിരായി പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നിയമനടപടികൾ സ്വീകരിക്കുന്നുണ്ട്. 1997-ൽ 9 പ്രോസിക്യൂഷൻ കേസ്സുകളും 1996-ൽ 13 കേസ്സുകളും ഫയൽ ചെയ്തിട്ടുണ്ട്.

(സി) നിലവിലുള്ള നിയമങ്ങളിലെ പോരായ്മകൾ പരിഹരിക്കുന്നതിനും സംസ്ഥാനത്ത് ബാലവേല പൂർണ്ണമായും നിരോധിക്കുന്നതിനുമായി തയ്യാറാക്കിയിട്ടുള്ള ബാലവേല നിരോധന ബില്ലിന്റെ കരട് സർക്കാർ പരിശോധിച്ചുവരുന്നു.

48 (1889) ചെറുകിട വൈദ്യുത പദ്ധതികൾ

ശ്രീ. കെ.പി. സതീശ്ചന്ദ്രൻ :
ശ്രീ. പി. വിശ്വൻ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. എൻ.ആർ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡീസൽ താപവൈദ്യുത നിലയങ്ങളുടെ വർധിച്ചുവരുന്ന നിർമ്മാണചെലവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

1094/2010.

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഇതൊഴിവാക്കാൻ സംസ്ഥാനത്ത് സാധ്യതയുള്ളിട ത്തെല്ലാം ചെറുകിട ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) ഇതിനായി ഏതെങ്കിലും നിർദ്ദേശങ്ങളോ പദ്ധതികളോ സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ഡി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

(ഇ) വൻകിട വൈദ്യുത പദ്ധതികൾ ഒഴിവാക്കുകയും ചെറുകിട പദ്ധതികൾ കൂടുതൽ ആരംഭിക്കുകയും ചെയ്യുന്നത് കേന്ദ്ര സർക്കാരിന്റെ അനുവാദം നേടിയെടുക്കുന്നതിന് സഹായകരമായിരിക്കുമെന്നുള്ളതിനാൽ ഇക്കാര്യത്തിൽ സർക്കാർ നിലപാട് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരിഗണിച്ചുവരുന്നു

(സി) ഉണ്ട്.

(ഡി) ഏകദേശം 615 മെഗാവാട്ട് മൊത്തം സ്ഥാപിതശേഷി വരുന്ന 132 ചെറുകിട ജലവൈദ്യുത പദ്ധതികൾ ഇതുവരെ കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 4 പദ്ധതികൾ - ഉറുമി സ്റ്റേറ്റ് -I (3.75 മെഗാവാട്ട്), ഉറുമി സ്റ്റേജ് -II (2.4 മെ.വാ) ചെമ്പുകടവ് സ്റ്റേജ് -II (2.7 മെ.വാ)., ചെമ്പുകടവ് സ്റ്റേറ്റ് -II (3.75 മെ.വാ.)- ചൈനയുടെ സാങ്കേതിക സഹായത്തോടെ പൈലറ്റ് പദ്ധതികളായി നടപ്പാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ മറ്റു 14 പദ്ധതി കൾ ചൈനയുടെ സഹായത്തോടെതന്നെ 2002-ാം ആണ്ടോടുകൂടി പൂർത്തി യാക്കാനുള്ള നടപടികൾ എടുത്തുവരുന്നു.

വിവിധ പദ്ധതികളുടെ സർവ്വേയും അന്വേഷണവും ഊർജ്ജിതമായി നടന്നുവരുന്നു. അന്വേഷണം പൂർത്തിയായ അനുയോജ്യമായ പദ്ധതികളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്ന ജോലികളും നടന്നുവ രുന്നു.

(ഇ) വനഭൂമിയും കുടിയൊഴിപ്പിക്കലും ആവശ്യമില്ലാത്ത ചെറുകിട ജലവൈദ്യുതപദ്ധതികൾക്ക് മുൻഗണന നൽകുന്നതാണ്. ലാഭകരമായ എല്ലാ ചെറുകിട ജലവൈദ്യുത പദ്ധതികളും നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

49 (1890) വൈദ്യുതി ഡിവിഷനുകളുടെ അധികാര പരിധി

ഡോ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛ ക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ഡിവിഷനുകളുടെ അധികാരപരിധി ഒന്നിലേറെ റവന്യൂ ജില്ലകളിൽ വരുന്നതുമൂലമുള്ള ഭരണബുദ്ധിമുട്ടുകൾ ഒഴിവാ ക്കുന്നതിന് ഒരു ഡിവിഷന്റെ പരിധി ഒരു റവന്യൂ ജില്ലയിൽ മാത്രമായി നിർണ്ണ യിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഒരു ഗ്രാമപഞ്ചായത്ത് പ്രദേശം ഒന്നിലേറെ സെക്ഷനുകളുടെ കീഴിൽ പല ഡിവിഷനുകളുടേയും നിയന്ത്രണത്തിൽ വരുന്നതുമൂലം ഉള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് പ്രദേശം മുഴുവൻ ഒരു

LIBRARY ARCHIVES Kerala Legislative Assembly